LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിലെ എൽ.ഡി. ക്ലർക്കിന്റെ ഒഴിവുകൾ

340 (950) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിനുകീഴിൽ എൽ.ഡി. ക്ലാർക്കിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിനുകീഴിൽ എൽ.ഡി. ക്ലാർക്കിന്റെ ഒഴിവുകളുണ്ടായിരുന്നില്ല. എന്നാൽ, 19-7-2021-ലെ സ.ഉ.(സാധാ) നമ്പർ 2444/2021/ റവന്യൂ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക് നിയമനം നൽകുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള റാങ്ക് പട്ടികയുടെ കാലാവധി 2021 ആഗസ്റ്റ് 4-ാം തീയതി അവസാനിക്കുന്നതിനാൽ തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ/ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, സീനിയർ ക്ലാർക്ക് എന്നീ തസ്തികകളിൽ നിലനിൽക്കുന്ന ഒഴിവുകൾ എൻ.ടി.കെ.ഡി.റായ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തിയതിനെ തുടർന്ന് 32 ഒഴിവുകൾ എൽ.ഡി. ക്ലാർക്ക് തസ്തികയിലാണുണ്ടായിട്ടുള്ളത്. ആയത് അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിയമനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നികുതി അടയ്ക്കാൻ സാധിക്കാത്തത്

341 (951) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമുഴ, കടമ്പഴിപ്പുറം വില്ലേജുകളിൽ പതിറ്റാണ്ടുകളായി ജീവിച്ചു വരികയും നികുതിയടച്ചുവരികയും ചെയ്തിരുന്ന കുടുംബങ്ങൾക്ക് കുറച്ച് വർഷങ്ങളായി മിച്ചഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ പേരിൽ നികുതി അടയ്ക്കാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിലത് പരിഹരിച്ച് നികുതി അടയ്ക്കുവാനാവശ്യമായ നടപടി കൈക്കൊള്ളുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു